## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4786 | 26.06.2019-ൽ മറുപടിയ്ക്ക് |
|---|---|
| **തദ്ദേശസ്ഥാപനങ്ങളിലെ മാലിന്യസംസ്കരണ പദ്ധതികൾ** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.തോമസ് ചാണ്ടി** | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** |
| സംസ്ഥാനത്ത് മാലിന്യത്തിന്റെ അളവ് കൂടിവരുന്നതിനാൽ തദ്ദേശസ്ഥാപനങ്ങളിൽ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | ഹരിത കേരളം എന്ന ലക്ഷ്യം നേടുന്നതിനായി സംസ്ഥാനത്തെ മാലിന്യമുക്തമാക്കുന്നതിനും ജനപങ്കാളിത്തത്തോടെ ശാസ്ത്രീയമായ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനുമായി ഉറവിട മാലിന്യ സംസ്കരണത്തിന് കൂടുതൽ ഊന്നൽ നൽകി വരുന്നു. ഇതിനനുസൃതമായി സംസ്ഥാനത്ത് ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള ഉറവിടമാലിന്യ സംസ്കരണ പദ്ധതികൾ ഗാർഹിക, സ്ഥാപന, കമ്മ്യൂണിറ്റി തലങ്ങളിൽ നടപ്പിലാക്കി വരുന്നു. ഗാർഹിക സ്ഥാപന തലങ്ങളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനമൊരുക്കാൻ കഴിയാത്തവർക്കായി കമ്മ്യൂണിറ്റി തലങ്ങളിൽ തുമ്പൂർമുഴി മാതൃകയിൽ എയ്റോബിക് കമ്പോസ്റ്റിംഗ് ബിന്നുകൾ സ്ഥാപിച്ച് മാലിന്യ സംസ്കരണം നടപ്പിലാക്കി വരുന്നുണ്ട്. അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഹരിതകർമ്മ സേന രൂപീകരിച്ചിട്ടുണ്ട്. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഹരിത കർമ്മ സേനയ്ക്കാവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതിനായി ഹരിത കേരളം മിഷന്റെ മേൽനോട്ടത്തിൽ ഹരിത സഹായ സ്ഥാപനങ്ങളെ കണ്ടെത്തി അവയ്ക്കുള്ള കൺസൾട്ടൻസി ഫീസ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. അജൈവ മാലിന്യങ്ങൾ സംഭരിക്കുന്നതിന് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും, രണ്ടാംഘട്ട തരംതിരിവിനും, പുനഃചംക്രമണ സാധ്യത ഉള്ളവ പുനഃചംക്രമണം നടത്തുന്നതിലേയ്ക്ക് കൈമാറുന്നതിനും പുനഃചംക്രമണ സാധ്യത കുറവുള്ള പ്ലാസ്റ്റിക്കുകൾ ഷ്രെഡ്ഡ് ചെയ്യുന്നതിലേക്കും റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും സ്ഥാപിച്ച് വരുന്നു.<br><br>സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ വേസ്റ്റ്-റ്റു- എനർജി പ്ലാന്റുകൾ DBFOT (Design, Build, Finance, Operate, Transfer) വ്യവസ്ഥയിൽ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. പ്രസ്തുത പദ്ധതി യുടെ ആദ്യഘട്ടത്തിൽ കോഴിക്കോട് ജില്ലയ്ക്കുവേണ്ടിയുള്ള ടെൻഡർ പ്രസിദ്ധപ്പെടുത്തുകയും ആയതിന് ബാംഗ്ലൂർ ആസ്ഥാനമാക്കി |

| | |
|---|---|
| | പ്രവർത്തിക്കുന്ന സോണ്ട ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കണ്ണൂർ, കൊല്ലം, പാലക്കാട് എന്നീ ജില്ലകളിലേയ്ക്കായുള്ള ടെൻഡർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റു സ്ഥലങ്ങളിൽ ടെൻഡർ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>ഇതുകൂടാതെ കൊച്ചിയിലെ ബ്രഹ്മപുരത്തും, ഇടുക്കി ജില്ലയിലെ മൂന്നാറിലും മാലിന്യത്തിൽ നിന്ന് ഊർജ്ജം ഉത്പാദിപ്പിക്കുന്ന പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൊച്ചിയിലെ ബ്രഹ്മപുരത്ത് അത്യാധുനിക ഖരമാലിന്യ പ്ലാന്റ് നിർമ്മിക്കുന്നതിനായി എൻവയോൺമെന്റൽ ക്ലിയറൻസ്, ബിൽഡിംഗ് പെർമിറ്റ് എന്നിവ ഒഴികെ, മറ്റെല്ലാ അനുമതികളും ലഭ്യമായിട്ടുള്ളതാണ്. മൂന്നാറിൽ AG Dauters Waste Processing Pvt Ltd-ന്റെ മേൽനോട്ടത്തിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. കൂടാതെ വയനാട് സുൽത്താൻ ബത്തേരിയിൽ നിർമ്മാണം നടന്നു വരുന്ന മാലിന്യ സംസ്കരണ പ്ലാന്റ് കമ്മീഷൻ ചെയ്യാൻ കഴിയുന്ന ഘട്ടത്തിൽ എത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ